"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ്-ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിൽ ശ്രീ. നിസാമുദ്ദീൻ തയ്യിൽ എന്ന ഗുണഭോക്താവിന് വീട് നിർമ്മാണം പൂർത്തീകരിക്കണമെന്ന നിബന്ധനയിൽ ധനസഹായത്തിന്റെ ബാക്കി ഗഡുക്കൾ നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.229/2022/LSGD തീയതി,തിരുവനന്തപുരം, 04-02-2022

പരാമർശം:-
1. ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് സമിതിയുടെ 17/09/2021 തീയതിയിലെ 1(8)-ാം നമ്പർ തീരുമാനം.
2. ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15/11/2021 തീയതിയിലെ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2021-ലെ 4.93 നമ്പർ തീരുമാനം

ഉത്തരവ്

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താവായ ശ്രീ നിസാമുദ്ദീൻ. തയ്യിൽ എന്നയാൾക്ക് ഭവന നിർമ്മാണത്തിനായി ആദ്യ ഗഡുവായ 40,000/- രൂപ ലഭിക്കുകയും വീടിന്റെ തറ കെട്ടി ഭിത്തി നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ വീടിന്റെ അടിത്തറ വിസ്തീർണ്ണം 484 ചതുരശ്ര അടിയായതിനാൽ തുടർന്നുള്ള ഗഡുക്കൾ ലഭ്യമാക്കുന്നതിനായി അനുവാദം നൽകണമെന്ന് പരാമർശം (1) പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് അപേക്ഷിച്ചിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം തറ വിസ്തൃതി 420 അടിയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ തുടർന്നുള്ള ഗഡുക്കൾ ലഭ്യമാക്കുന്നതിനായി പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസറും അപേക്ഷിച്ചിരുന്നു.

2. ഇക്കാര്യം 18/12/2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി വിശദമായി പരിശോധിക്കുകയും പരാമർശം (3) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീട്ട നിർമ്മാണം പൂർത്തിയാക്കണമെന്ന നിബന്ധന ഗുണഭോക്താവ് പാലിക്കുന്നു എന്നുറപ്പാക്കി ബാക്കി ഗഡുക്കൾ കൂടി നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രജി രാജേന്ദ്രൻ

ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ.
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ